LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. മണക്കാട് സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന എം.എൽ.എ. റോഡിൽ ബലവാൻ നഗർ, ഗംഗാ നഗർ പ്രദേശത്ത് 34 വൈദ്യുത പോസ്റ്റുകൾ റിലയൻസ്, ഏഷ്യാനെറ്റ്, സിറ്റി കേബിൾ എന്നീ ഓപ്പറേറ്റർമാർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അർബൻ/സെമി അർബൻ പ്രദേശത്ത് പോസ്റ്റ് ഒന്നിന് 305 രൂപ നിരക്കിലും മറ്റ് പ്രദേശങ്ങളിൽ പോസ്റ്റ് ഒന്നിന് 153 രൂപ നിരക്കിലും വാർഷിക വാടകയിനത്തിൽ മുൻകൂറായി ഈടാക്കുന്നു. റിലയൻസ് 4 ജി സർവ്വീസിന്റെ വാടക, പോസ്റ്റ് ഒന്നിന് 360 രൂപയാണ്.

(ഡി) ഇല്ല.

(ഇ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സൗജന്യ വൈദ്യുതി

3 (388) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജനവിഭാഗങ്ങൾക്കാണ് വൈദ്യുതി സൗജന്യമായി ലഭിക്കുന്നത്; എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത്; എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സൗജന്യം ലഭിക്കുന്ന വീടുകളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികളുണ്ടെങ്കിൽ കൂടുതൽ വൈദ്യുതി സൗജന്യം അനുവദിക്കുന്ന പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഓരോ പ്ലസ് ടു വിദ്യാർത്ഥിക്കും ഓരോ സൗജന്യ സൗരോർജ്ജ വിളക്ക് നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര പേർക്ക് വിളക്ക് നൽകി. ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 500 വാട്സ് വരെ കണക്ടഡ് ലോഡുള്ള ഗാർഹിക ഉപഭോക്താക്കളുടെ പ്രതിമാസ ശരാശരി വൈദ്യുതി ഉപഭോഗം, 20 യൂണിറ്റ് വരെയാണെങ്കിൽ സൗജന്യമായാണ് വൈദ്യുതി നൽകുന്നത്. ടി ആനുകൂല്യം ലഭിക്കുന്ന വിവിധ ജില്ലകളിലെ ഉപഭോക്താക്കളുടെ ഇലക്കിക്കൽ സർക്കിൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാതെ 'Life

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

supporting system' ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് ലൈഫ് സപ്പോർട്ടിംഗ് സിസ്റ്റത്തിന് ആവശ്യമായ മുഴുവൻ വൈദ്യുതിയും സൗജന്യമായാണ് നൽകിവരുന്നത്.

(ബി) നിലവിൽ ഇല്ല, ബാധകമല്ല.

(സി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് നിബന്ധനകൾക്ക് വിധേയമായി സൗരോർജ്ജവിളക്ക് സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

4 (389) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജ വകുപ്പ് മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളും ചെലവാക്കിയ തുകയും താഴെചേർക്കുന്നു:

1.	ആർ.എ.പി.ഡി.ആർ.പി. പദ്ധതി	444.551 ലക്ഷം രൂപ
2.	ആർ.ജി.ജി.വി.വൈ. പദ്ധതി	58 ലക്ഷം രൂപ
3.	പി.പി.എസ്. പദ്ധതി	56.988 ലക്ഷം രൂപ
4.	കെ.എസ്.ഇ.ബി. തനത് ഫണ്ട്	302.55 ലക്ഷം രൂപ

5. ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി പ്രകാരം മണ്ഡലത്തിൽ 16 വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ പ്രസരണ വിഭാഗത്തിൽ കൽപകഞ്ചേരി 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 89,600 രൂപ ചെലവായിട്ടുണ്ട്.

GPM. 2/237/2020-12

LIBRARY ARCHIVES Kerala Legislative Assembly